നം. സിഇഇ/2834/2007/റ്റിഎ1

**കേരള സർക്കാർ**
## പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം – 695 001**

## വിജ്ഞാപനം

വിഷയം:– പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രവേശന പരീക്ഷ 2008 – സംബന്ധിച്ച്.
സൂചന:– 1. സർക്കാർ ഉത്തരവ് നം.(എം.എസ്) 116/2008/ഉ.വി.വ. തീയതി, 27.09.2008.
2. സർക്കാർ ഉത്തരവ് നം.(ആർ.റ്റി) 3387/08/ആ.കു.വ. തീയതി, 16.10.2008.

2008 ലെ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിലും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രവേശന പരീക്ഷയിൽ മെഡിക്കൽ/ബിഡി.എസ് കോഴ്സുകളുടെ പ്രവേശനത്തിനുള്ള നിശ്ചിത യോഗ്യത (40%മാർക്ക്) ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കായി 2008 ഒക്ടോബർ മാസം 29–ാം തീയതി കോഴിക്കോട്, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഫോർ ഗേൾസ്, നടക്കാവ് വച്ച് നടത്തിയ പ്രത്യേക പ്രവേശന പരീക്ഷയുടെ താൽകാലിക റാങ്ക് ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**കേന്ദ്രീകൃത അലോട്ട്മെന്റ്:** പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് നേടിയ വിദ്യാർത്ഥികളെയാണ് താല്കാലിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും, യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി കുറഞ്ഞത് 40% മാർക്കും ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ MBBS/BDS കോഴ്സിലേക്കുള്ള അലോട്ട്മെന്റ് **02.11.2008** രാവിലെ **11.30** മണിക്ക്, തിരുവനന്തപുരത്ത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ വച്ച് നടത്തുന്നതാണ്. താഴെ പറയുന്ന ഒറിജിനൽ രേഖകൾ അലോട്ട്മെന്റ് സമയത്ത് കൊണ്ടുവരേണ്ടതാണ്.

(1) പ്രത്യേക പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.

(2) ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/എസ്.എസ്.എൽ.സി. അറ്റസ്റ്റഡ് കോപ്പി.

(3) യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ്/അറ്റസ്റ്റഡ് മാർക്ക് ലിസ്റ്റ്.

തിരുവനന്തപുരം
30.10.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**